ഉത്തരം

(എ) ഏഴു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി)-(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മണലുവട്ടം പെരിങ്ങാട് പ്രദേശത്തു നടന്ന അക്രമ സംഭവങ്ങൾ

81 (3010)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കടയ്ക്കൽ പോലീസ് സ്റ്റേഷൻ അതിർത്തി യിൽ മണലുവട്ടം പെരിങ്ങാട് പ്രദേശത്ത് അക്രമികൾ അടുത്തിടെ വീടുക ളിൽ കയറി സ്ത്രീകളെ കടന്നാക്രമിക്കുകയും നിരപരാധികളെ ഭീഷണിപ്പെടു ത്തുകയും വൻതോതിൽ വിളനാശം ഉണ്ടാക്കുകയും ചെയ്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഭവത്തിൽ ആരെയൊക്കെ പ്രതികളാക്കിയാണ് കേസ് എടുത്തതെന്നും ഏതെല്ലാം വകുപ്പുകളനുസരിച്ചാണ് കേസ് ചാർജ്ജ് ചെയ്ത തെന്നും അറിയിക്കുമോ;

(സി) പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ;

(ഇ) അടിയന്തിരമായി പ്രതികളെ അറസ്റ്റ് ചെയ്ത് ശിക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചാണപ്പാറക്കാരായ ദാമോദരൻ, അനിൽ, സുരേഷ്, സന്തോഷ്, മണികണ്ഠൻ, വിനോദ് എന്നിവരാണ് പ്രതികൾ. ഐ.പി.സി. 143, 147, 148, 506(11) 324, 427, 149 വകുപ്പുകളനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി)&(ഡി) പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റു ചെയ്യാൻ സാധിച്ചി ട്ടില്ല.

(ഇ) കേസ് ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

വനിതയെ ആക്ഷേപിച്ച സംഭവം

82 (3011)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ അഞ്ചാലുംമൂട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പെരിനാട് ഗ്രാമപഞ്ചായത്ത് മെമ്പറും പട്ടികജാതി വനിതയു മായ ശ്രീമതി തങ്കച്ചിയെ ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും ആക്രമിക്കു വാൻ ഒരുങ്ങുകയും ചെയ്തതായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച് ശ്രീമതി തങ്കച്ചി കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ടിന് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കേസിലെ പ്രതി ആരെന്നും പ്രതിയെ അറസ്റ്റ് ചെയ്തോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഇത് സംബന്ധിച്ച് ക്രൈം 123/99 യു/എസ് 3`(1)(x) ഓഫ് എസ്.സി./എസ്.ടി.(പി.എ.) ആക്റ്റ് പ്രകാരം ഒരു കേസ് അഞ്ചാലുംമൂട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. കേസന്വേഷണത്തിൽ വേണ്ടത്ര തെളിവുകൾ ലഭിക്കാതിരുന്നതിനാൽ പ്രതികളെ അറസ്റ്റു ചെയ്തിട്ടില്ല.

ലോട്ടറിയും പണവും അപഹരിച്ചെന്ന പരാതി

83 (3012)ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ദീപ്തി ലോട്ടറി ഉടമ എം.എസ്. സുന്ദരം തന്റെ ലോട്ടറിയും പണവും അപഹരിക്കപ്പെട്ടുവെന്ന് കാണിച്ചുകൊണ്ട് നൽകിയ പരാതിയിന്മേലുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലിരിക്കുന്നു;

(ബി) അന്വേഷണം നടത്തുന്നത് ആരാണ്; അന്വേഷണം എത്രയും വേഗം പൂർത്തീകരിച്ച് റിപ്പോർട്ട് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) പോലീസ് ഉദ്യോഗസ്ഥൻ ഉൾപ്പെടെയുള്ള ഉന്നതോദ്യോഗസ്ഥന്മാർ ഉൾപ്പെട്ടിട്ടുള്ള ഈ കേസ്സിൽ അന്വേഷണത്തിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിച്ച് പരാതിക്കാരന് നീതി ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)പരാതി സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു. അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly